**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3707** **26-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിഫാം കർഷകരെ സഹായിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോഴിഫാം കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ; | (എ) | കേരളത്തിലെ കോഴി ഫാം കർഷകരെ സഹായിക്കുന്നതിനായി വകുപ്പ് മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കേരള ചിക്കൻ പദ്ധതി പ്രകാരം കെ.എസ്.പി.ഡി.സി, ബി.ഡി.എസ്, കുടുംബശ്രീ എന്നിവരുടെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന കോഴി ഫാം ഉടമകൾക്ക് 50,000/- രൂപ വരെ ധനസഹായം നൽകുന്നതിനായി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കോഴി ഫാം നടത്തുന്ന കർഷകർക്ക് ആവശ്യമായ ഗുണമേന്മയേറിയ മുട്ടക്കോഴി/ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) വിതരണം ചെയ്തു വരുന്നു. കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആവശ്യമായ മരുന്നുകൾ 15 ശതമാനം വരെ ഡിസ്കൗണ്ടിൽ തിരുവനന്തപുരത്ത് പേട്ടയിൽ പ്രവർത്തിക്കുന്ന കെപ്കോ മെഡിക്കൽ സ്റ്റോറിൽ ലഭ്യമാണ്. |
| (ബി) | കോഴിത്തീറ്റയുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വില കുറച്ച് കോഴിത്തീറ്റ ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കാൻ ആലോചിക്കുന്നുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിത്തീറ്റ മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെപ്കോ തൃശ്ശൂർ ജില്ലയിലെ മാളയിൽ പ്രവർത്തിക്കുന്ന കോഴിത്തീറ്റ ഉദ്പാദന ഫാക്ടറിയുടെ ട്രയൽ റൺ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കോഴി കർഷകർക്ക് കെപ്കോ ലഭ്യമാക്കുന്ന സഹായങ്ങൾ വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ഇറച്ചിക്കോഴി, മുട്ടക്കോഴി കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെപ്കോ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളാണ് മുട്ടക്കോഴി ഇന്റഗ്രേഷൻ പദ്ധതി, കുടുംബശ്രീ - കോൺട്രാക്ട് കോഴിവളർത്തൽ പദ്ധതി എന്നിവ. കെപ്കോയുടെ മുട്ടക്കോഴി ഉത്പാദന കേന്ദ്രത്തിൽ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദ്പ്പിക്കുന്ന ഗ്രാമശ്രീ |

| | | | |
|---|---|---|---|
| | | | ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെയും, പ്രതിവർഷം 300 വരെ മുട്ടകൾ ലഭിക്കുന്ന ബി.വി 380 ഇനത്തിൽപ്പെട്ട കോഴികളെയും താല്പര്യമുള്ള കർഷകർക്ക് വളർത്താൻ നൽകി 45-60 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ തിരിച്ചെടുത്ത് വളർത്തുകൂലിയായി ഒരു കോഴിക്ക് 5 രൂപ മുതൽ 8 രൂപ വരെ നൽകുന്നു. അതിനു പുറമെ ഈ ഇനങ്ങളിൽപ്പെട്ട കോഴികളെ ആവശ്യക്കാർക്ക് വിൽക്കുകയും ചെയ്യുന്നു. കെപ്കോയുടെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉത്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ യൂണിറ്റുകൾക്കും കോൺട്രാക്ട് ഫാമിംഗിൽ താല്പര്യമുള്ള കർഷകർക്കും വിതരണം ചെയ്യുകയും 45-60 ദിവസം പ്രായമാകുമ്പോൾ തിരിച്ചെടുത്ത് ഇറച്ചിയാക്കി കെപ്കോ ചിക്കൻ എന്ന പേരിൽ വിതരണം ചെയ്യുകയും ചെയ്യുന്നു. ആവശ്യക്കാരായ മറ്റ് കർഷകർക്കും ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കെപ്കോ നൽകി വരുന്നു. കോഴിവളർത്തൽ കർഷകർക്ക് ആവശ്യമായ മരുന്നുകൾ തിരുവനന്തപുരം പേട്ടയിലെ കെപ്കോ മെഡിക്കൽ സ്റ്റോറിൽ നിന്നും 15 ശതമാനം വരെ ഡിസ്കൗണ്ടിൽ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ